# കേരള സർവകലാശാല

നം. പി.ആർ.021/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## മൂല്യനിർണ്ണയം 31 വരെ നീട്ടി

കേരള സർവകലാശാല 2017 ജൂൺ/ജൂലൈയിൽ നടത്തിയ നാല്, രണ്ട് സെമസ്റ്ററുകളുടെയും 2017 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്ററിന്റേയും (ബി.എ/ബി.എസ്.സി/ബി.കോം-സി.ബി.സി.എസ് - കരിയർ റിലേറ്റഡ് കോഴ്സുകൾ) ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ആർട്ട്സ് സയൻസ് കോളേജുകളിലേയും, യു.ഐ.ടി കേന്ദ്രങ്ങളിലെയും റഗുലർ ക്ലാസുകൾ ജനുവരി 25 വരെ റദ്ദ് ചെയ്തിരുന്നത് ജനുവരി 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. എല്ലാ അധ്യാപകരും ജനുവരി 31 വരെ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ തുടരേണ്ടതാണ്.

## ബി.ആർക്ക് സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ കമ്പൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ, നാലാം സെമസ്റ്റർ, ആറാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ ബി.ആർക്ക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി എട്ടിന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി. ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പരീക്ഷ

കേരള സർവകലാശാല ബോട്ടണി വിഭാഗം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഫെബ്രുവരി ഒന്ന് (50 രൂപ പിഴയോടെ ഫെബ്രുവരി മൂന്ന്, 125 രൂപ പിഴയോടെ ഫെബ്രുവരി അഞ്ച്) വരെ ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്. പരീക്ഷ ആരംഭിക്കുന്ന തീയതി ഫെബ്രുവരി 12.

## എം.എഡ് പ്രാക്ടിക്കൽ

കേരള സർവകലാശാല 2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എഡ് സ്പെഷ്യൽ (എം.ആർ/ഐ.ഡി) ഡിഗ്രി (ദ്വിവത്സര പ്രോഗ്രാം - 2015 സ്കീം - 2016-18 ബാച്ച് ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും, ഫെബ്രുവരിയിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (എം.ആർ) ഡിഗ്രി (ഏകവത്സര പരിപാടി - സപ്ലിമെന്ററി - 2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷയും ഫെബ്രുവരി ഒൻപതിന് ചേർത്തല കെ.വി.എം കോളേജ് ഓഫ് സ്പെഷ്യൽ എഡ്യുക്കേഷനിൽ വച്ച് നടത്തപ്പെടുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല 2017 മാർച്ചിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ പാർട്ട് ഒന്നും രണ്ടും പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം.

## ക്യാഷ് കൗണ്ടർ പ്രവർത്തിക്കില്ല

ചില സാങ്കേതിക കാരണങ്ങളാൽ കേരള സർവകലാശാല ക്യാഷ് കൗണ്ടർ ജനുവരി 27-ന് (ശനി) പ്രവർത്തിക്കുന്നതല്ല.

## ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ഫലം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 സ്കീം – റഗുലർ ആന്റ് സപ്ലിമെന്ററി, 2011 & 2006 സ്കീം – സപ്ലിമെന്ററി) ഭേദഗതി വരുത്തിയ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.പുനർമൂല്യനിർണയത്തിന് ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

## ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ(ബി.എച്ച്.എം) അഞ്ചാം സെമസ്റ്റർ പരീക്ഷകൾ(2014 സ്കീം – റഗുലർ ആന്റ് സപ്ലിമെന്ററി, 2011 & 2006 സ്കീം – സപ്ലിമെന്ററി) ഫെബ്രുവരി ആറിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
25.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098